**KERALA STATE WAREHOUSING CORPORATION**
Established by Government of Kerala Under Warehousing Corporation Act 1962



കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ കേരള സർക്കാരിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷനും തുല്യ ഓഹരി പങ്കാളിത്തമുള്ളതായ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ്. 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻ ആക്റ്റ് പ്രകാരമാണ് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നത്. കേരളത്തിലുടനീളം 55 വെയർഹൗസുകളിലായി ശാസ്ത്രീയമായി സാധനങ്ങൾ സൂക്ഷിച്ചു വയ്ക്കാവുന്ന വിധത്തിൽ പണി കഴിപ്പിച്ചിട്ടുള്ള 2 ലക്ഷം മെട്രിക്ക് ടൺ സംഭരണ ശേഷിയുള്ള ഗോഡൗണുകൾ കോർപ്പറേഷനിലുണ്ട്. കൂടാതെ ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും കോർപ്പറേഷനു കീഴിൽ പ്രവർത്തിച്ചു വരുന്നു.

വിളവെടുപ്പ് കാലത്ത് ഉത്പ്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവ് തടയുന്നതിന് അവ ശാസ്ത്രീയമായി സൂക്ഷിക്കുകയും ഉത്പ്പന്നങ്ങൾക്ക് വില വർദ്ധിക്കുന്ന അവസരത്തിൽ കർഷകർക്ക് അത് വിൽക്കുന്നതിനും വെയർഹൗസിംഗ് കോർപ്പറേഷൻ അവസരം ഒരുക്കുന്നു. കൂടാതെ കാർഷികോത്പ്പന്നങ്ങളുടെ മേൽ നൽകുന്ന വെയർഹൗസ് രസീതിൻമേൽ ബാങ്കുകളിൽ നിന്നും തുച്ഛമായ പലിശനിരക്കിൽ കാർഷിക വായ്പ എടുക്കുന്നതിനുള്ള സൗകര്യവും നൽകി വരുന്നു. ഇതിനോടൊപ്പം കീട നശീകരണ പ്രവർത്തനങ്ങളിലും കോർപ്പറേഷൻ ഏർപ്പെട്ട് വരുന്നു. കൂടാതെ റോഡോഫോ എന്ന വ്യാപാരനാമത്തിൽ എലിവിഷം ബെയ്റ്റ് ഉൽപാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലും, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ തുടങ്ങിയവയിലും ഓർഡർ അനുസരിച്ച് വിതരണം ചെയ്തു വരുന്നു.

കോർപ്പറേഷന്റെ സംഭരണസൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലും ഒരു ഗോഡൗൺ നിർമ്മിക്കുന്നതിനായി സർക്കാർ പുറമ്പോക്ക് ഭൂമികൾ ദീർഘകാലപാട്ടത്തിന് എടുത്തിട്ടുള്ളതും, ഗോഡൗൺ നിർമ്മാണ പ്രവർത്തനങ്ങളുമായി കോർപ്പറേഷൻ മുന്നോട്ട് പോവുകയുമാണ്.

2023 വർഷത്തിൽ കോർപ്പറേഷൻ പ്രസിദ്ധീകരിക്കുന്ന ഹാൻഡ്ബുക്കിന് എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ. അനിൽ ദാസ് എസ്. DYSP (Retd)
മാനേജിംഗ് ഡയറക്ടർ

Managing Director
**Sri. S. ANil Das (DYSP (Retd)**
Kerala State Warehousing Corporation
Pincode: 682 016
Mob: 99460 25100
E-mail: kerwacor@gmail.com

Managing Director
**Sri. S. ANil Das (DYSP (Retd)**
Padmadalam, Pannivizha,
Adoor, Pathanamthitta District
Mob: 99460 25100
E-mail: kerwacor@gmail.com